**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 607** **24-08-2022 - ൽ മറുപടിയ്ക്ക്**

**കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (എ) | National Industrial Corridor Development and Implementation Trust (NICDIT), Ministry of Commerce ഉം സംസ്ഥാന സർക്കാരും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണ് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി പദ്ധതി . കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമായ കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയിൽ സംയോജിത ഉൽപ്പാദന ക്ലസ്റ്ററുകളാണ് സ്ഥാപിക്കുന്നത്. ഇതുപ്രകാരം പാലക്കാട്ടും, കൊച്ചിയും ഓരോ നോഡുകളായാണ് വികസിപ്പിക്കുന്നത്. പാലക്കാട് നോഡിൽ ഉൾപ്പെട്ട പാലക്കാട് ജില്ലയിലെ കണ്ണമ്പ്രയിൽ 299.23 ഏക്കർ ഭൂമിയുടെ ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. പുതുശ്ശേരി സെൻട്രൽ-പുതുശ്ശേരി I ൽ 458.59 ഏക്കർ ഭൂമിയുടെ അവാർഡ് പാസാക്കുകയും പൊസ്സഷൻ എടുക്കുകയും ചെയ്തിട്ടുണ്ട്. പുതുശ്ശേരി സെൻട്രൽ-പുതുശ്ശേരി II ൽ 214.86 ഏക്കർ ഭൂമിയുടെ അവാർഡ് പാസാക്കുകയും പൊസ്സഷൻ എടുക്കുകയും ചെയ്തിട്ടുണ്ട്. പുതുശ്ശേരി വെസ്റ്റ്-സെൻട്രൽ-പുതുശ്ശേരി III ൽ 375 ഏക്കർ ഭൂമിയുടെ സർവ്വേ നടപടികൾ പുരോഗമിക്കുന്നു. കൂടാതെ പദ്ധതിയുടെ ഭാഗമായി കൊച്ചിയിൽ ഒരു Gift City സ്ഥാപിക്കുന്നതിനായി കൊച്ചിയിലെ അയ്യമ്പുഴയിൽ 358 ഏക്കർ ഭൂമി കണ്ടെത്തി സർവ്വേ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. |
| (ബി) | പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ബി) | ഭൂമി ഏറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലാണ്. 5 വർഷത്തിനുള്ളിൽ പദ്ധതി പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ